"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - സർക്കാർ അനുമതി തേടാതെ എറണാകുളം റവന്യു ടവറിൽ പ്രവർത്തിക്കുന്ന സംസ്ഥാന ഭാഗ്യക്കുറി ഓഫീസുകളുടെ വാടകക്കരാർ പുതുക്കിയ നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.222/2026/TAXES തീയതി,തിരുവനന്തപുരം, 21-02-2026

---

1. 30.07.2013 ലെ ജി.ഒ.(എം.എസ്) നം.20/2013/ഹൗസിംഗ്
2. 05/02/2022-ലെ HSG-A2./100/2021-HSG നമ്പർ സർക്കാർ കത്ത്
3. 07.11.2025-ലെ TAXES-H1/189/2025-TAXES നമ്പർ സർക്കാർ കത്ത്
4.. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 05.12.2025-ലെ SLTY/2188/2024-MOD1 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള എറണാകുളം റവന്യു ടവറിന്റെ ഏഴാം നിലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ വാടക 06/2009 പ്രാബല്യത്തിൽ sq.ft നു 23.72 രൂപയും ഓരോ 5 വർഷത്തിലും 33⅓% വർദ്ധനവും നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ടി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ഓഫീസുകൾക്ക് 15/02/2020 മുതൽ 31/05/2024 വരെ പ്രതിമാസം ₹3,52,913/- നിരക്കിലും 01/06/2024 മുതൽ 14/02/2025 വരെ പ്രതിമാസം ₹4,55,281/- നിരക്കിലും വാടകക്കരാർ പുതുക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ നടപടികൾ സ്വീകരിക്കുകയുണ്ടായി.

2. പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വാടകക്കരാർ തയ്യാറാക്കി സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ സർക്കാരിന്റെ അനുമതി തേടുകയും സർക്കാർ ഭരണാനുമതി നല്കുന്നതിന്റെ അടിസ്ഥാനത്തിൽ കരാറിൽ ഏർപ്പെടുകയും ചെയ്യുക എന്നതാണ് ക്രമപ്രകാരമായ രീതി എന്നിരിക്കെ, ഇത്തരത്തിൽ വ്യവസ്ഥാപിതമായ നടപടിക്രമം പാലിക്കാതെ വാടകക്കരാറിൽ ഏർപ്പെട്ടതിന്റെ കാരണം വ്യക്തമാക്കാൻ പരാമർശം (3) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു.

3. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, എറണാകുളം ഡിവിഷന്റെ റവന്യൂ ടവറിന്റെ ഏഴാം നിലയിൽ പ്രവർത്തിക്കുന്ന ഭാഗ്യക്കുറി ഓഫീസുകളുടെ വാടക 6/2009 പ്രാബല്യത്തിൽ ചതുരശ്ര അടിക്ക് 23.72 രൂപയും ഓരോ 5 വർഷത്തിലും 33⅓% വർദ്ധനവും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്ന സാഹചര്യത്തിലും ഭവന നിർമ്മാണ ബോർഡ് കെട്ടിടങ്ങളുമായി എത്രയും പെട്ടെന്ന് കരാറിൽ ഏർപ്പെടണമെന്ന പരാമർശം (2) നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും ഓഫീസ് പ്രവർത്തനം തടസ്സപ്പെടാതിരിക്കാനും സേവനങ്ങളുടെ തുടർച്ച ഉറപ്പാക്കുന്നതിനുമായാണ് വാടകക്കരാറിൽ ഏർപ്പെടേണ്ടി വന്നതെന്നും ഇക്കാര്യത്തിൽ ക്രമപരമല്ലാത്ത നടപടിയുണ്ടായിട്ടുണ്ടെങ്കിൽ, ഓഫീസ് പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ എടുത്ത അടിയന്തര ഇടപെടൽ മാത്രമായി പരിഗണിക്കണമെന്നും പരാമർശം(4) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭവന നിർമ്മാണ ബോർഡിന്റെ കീഴിലുള്ള കെട്ടിടങ്ങളുടെ വാടക നിശ്ചയിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം, ഓഫീസ് പ്രവർത്തനം തടസ്സപ്പെടാതിരിക്കാനായി സ്വീകരിച്ച അടിയന്തര ഇടപെടലായി ഇതിനെ കണക്കാക്കണമെന്ന സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ അഭ്യർത്ഥന പരിഗണിച്ച്, ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള എറണാകുളം റവന്യൂ ടവറിന്റെ ഏഴാം നിലയിൽ പ്രവർത്തിക്കുന്ന സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ഓഫീസുകളുടെ വാടകക്കരാർ സർക്കാർ അനുമതിയില്ലാതെ പുതുക്കിയ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**KABEER C A**

അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (29.01.2026-ലെ 2936123 Exp. B1/570/2024-Fin പ്രകാരം)
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (TAXES-H1/189/2025-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 21-02-2026 10:37:33
സെക്ഷൻ ഓഫീസർ